ALL INDIA RADIO, THIRUVANANTHAPURAM

# ആകാശവാണി, തിരുവനന്തപുരം
# NATIONAL BULLETIN

**DATE : 08.02.2025** **TIME : 12.50 PM**

## പ്രധാന വാർത്തകൾ

1. ന്യൂഡൽഹിയിൽ 27 വർഷങ്ങൾക്ക് ശേഷം ബി ജെ പി അധികാരത്തിലേക്ക്. എ എ പി പാർട്ടി കൺവീനറും മുൻ മുഖ്യമന്ത്രിയുമായ അരവിന്ദ് കെജ്രിവാളിന് തോൽവി. കോൺഗ്രസിന് കനത്ത തിരിച്ചടി.

   **In Delhi assembly election BJP coming back to power after a gap of 27 years. Aam Aadmi Party convenor and former Chief Minister Arvind Kejriwal loses New Delhi seats. A major setback for Congress.**

2. ദേശീയ സഫായി കരംചാരി കമ്മീഷന്റെ കാലാവധി മൂന്ന് വർഷത്തേക്ക് കൂടി നീട്ടാൻ കേന്ദ്ര മന്ത്രിസഭാ യോഗ തീരുമാനം. ശുചീകരണ തൊഴിലാളികളുടെ ഉന്നമനം, തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തൽ തുടങ്ങിയവ ലക്ഷ്യം.

   **Cabinet approves extension of tenure of National Commission for Safai Karamcharis for 3 years. Aims for the uplift of sanitation workers.**

3. പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫ്രാൻസ്-യുഎസ് സന്ദർശത്തിന് മറ്റന്നാൾ തുടക്കം. ഇന്ത്യയുമായുള്ള തന്ത്രപ്രധാന പങ്കാളിത്തം ഉറപ്പുവരുത്തുന്നതിന് സന്ദർശനത്തിൽ ഊന്നൽ.

   **Prime Minister Narendra Modi is set to embark on a crucial visit to France and the United States from Monday. The focus of the visit will be on ensuring strategic partnership with India.**

4. കേരള ശാസ്ത്ര കോൺഗ്രസിന് തൃശൂരിൽ തുടക്കമായി. യുവശാസ്ത്ര ഗവേഷകർക്കുള്ള പുരസ്കാരങ്ങൾ മുഖ്യമന്ത്രി സമ്മാനിച്ചു.

**The Kerala Science Congress has begun in Thrissur. The Chief Minister presented awards to young scientific researchers.**

5. 38-ാമത് ദേശീയ ഗെയിംസിൽ അത് ലറ്റിക്സ് മത്സരങ്ങൾക്ക് തുടക്കം. ഐഎസ്എല്ലിൽ ഇന്ന് രണ്ട് മത്സരങ്ങൾ.

**38th National Games athletics events began today. In ISL two matches scheduled.**

&&&&&&&&&&&&&&&

## DELHI COUNTING

ഡൽഹിയിൽ 27 വർഷങ്ങൾക്ക് ശേഷം ബി ജെ പി അധികാരത്തിലേക്ക്. 70 സീറ്റുകളിലേക്ക് നടന്ന നിയമസഭാ തിരഞ്ഞെടുപ്പിൽ ഒടുവിൽ റിപ്പോർട്ട് ലഭിക്കുമ്പോൾ 48 ഇടത്ത് ബി.ജെ.പിയും 22 ഇടത്ത് ആം ആദ്മി പാർട്ടിയും ലീഡ് ചെയ്യുന്നു. എ എ പി പാർട്ടി കൺവീനറും മുൻ മുഖ്യമന്ത്രിയുമായ അരവിന്ദ് കെജ്രിവാളും മനീഷ് സിസോദിയയും പരാജയപ്പെട്ടതായി റിപ്പോർട്ട്. തിരഞ്ഞെടുപ്പ് കമ്മീഷൻറെ ഔദ്യോഗിക പ്രഖ്യാപനം അൽപസമയത്തിനകം ഉണ്ടാകും. മുഖ്യമന്ത്രി അതീഷി മാർലേന പിന്നിലാണ്. ബിജ്വാസൻ മണ്ഡലത്തിൽ ബിജെപി സ്ഥാനാർഥി കൈലാഷ് ഗെഹ്ലോട്ട്, രോഹിണി മണ്ഡലത്തിൽ വിജേന്ദ്ര ഗുപ്ത, ന്യൂ ഡൽഹിയിൽ പർവേഷ് സാഹിബ് സിംഗ്, ജനക്പുരിയിൽ ആശിഷ് സൂദ്, എന്നിവർ മുന്നിലാണ്. തുടർച്ചയായ മൂന്നാം തവണയും കോൺഗ്രസിന് ഒരു സീറ്റിൽ പോലും ലീഡ് ചെയ്യാൻ സാധിച്ചില്ല.

&&&&&&&&&&&&&&&

## UP+TN BYPOLL

ഉത്തർ പ്രദേശിലെ മില്കിപ്പുർ നിയമസഭാ മണ്ഡലത്തിലേക്കുള്ള ഉപതെരഞ്ഞെടുപ്പ് വോട്ടെണ്ണലിൽ ബിജെപിയുടെ ചന്ദ്രഭാനു പാസ്വാൻ 25,000ൽ അധികം വോട്ടുകൾക്ക് മുന്നിലാണ്. തമിഴ്നാട്ടിലെ ഈറോഡ് ഈസ്റ്റ് നിയമസഭാ മണ്ഡലത്തിലെ ഉപതെരഞ്ഞെടുപ്പിന്റെ വോട്ടെണ്ണൽ പുരോഗമിക്കുമ്പോൾ ഡിഎംകെ നേതാവ് ചന്ദിരകുമാർ വിസി മുന്നിലാണ്.

&&&&&&&&&&&&&&&

## PM MODI VISIT

പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ ഫ്രാൻസ്-യുഎസ് സന്ദർശത്തിന് മറ്റന്നാൾ തുടക്കം. ഇരുരാജ്യങ്ങളും ഇന്ത്യയും തമ്മിലുള്ള തന്ത്രപരമായ പങ്കാളിത്തം ഉറപ്പുവരുത്തുന്നതിൽ സന്ദർശനം ഊന്നൽ നൽകും. ഫ്രഞ്ച് പ്രസിഡന്റ് ഇമ്മാനുവൽ മക്രോയുടെ ക്ഷണപ്രകാരം ഈ മാസം 10 മുതൽ 12 വരെ ഫ്രാൻസ് സന്ദർശിക്കുന്ന പ്രധാനമന്ത്രി, നിർമിതബുദ്ധി ഉച്ചകോടിയിൽ പങ്കെടുക്കും. ഉഭയകക്ഷി ചർച്ചകളിൽ പങ്കെടുക്കുന്ന ശ്രീ നരേന്ദ്ര മോദി ഇന്ത്യയുടെ പുതിയ കോൺസുലേറ്റ് ജനറലിന്റെ ഉദ്ഘാടനവും നിർവഹിക്കും. തുടർന്ന് രണ്ട് ദിവസത്തെ സന്ദർശനത്തിനായി അദ്ദേഹം യു എസിലേക്ക് തിരിക്കും.

&&&&&&&&&&&&&&&

## CABINET BRIEFING -INTRO

ദേശീയ സഫായി കരംചാരി കമ്മീഷന്റെ കാലാവധി 2025 മാർച്ച് 31 മുതൽ മൂന്ന് വർഷത്തേക്ക് കൂടി നീട്ടുന്നതിന് കേന്ദ്ര മന്ത്രിസഭാ യോഗം അംഗീകാരം

നൽകി. ശുചീകരണ തൊഴിലാളികളുടെ ഉന്നമനം, തൊഴിൽ സാഹചര്യം മെച്ചപ്പെടുത്തൽ, എന്നിവ ഇതിലൂടെ സാധ്യമാകുമെന്ന് മന്ത്രിസഭാ യോഗ തീരുമാനങ്ങൾ വിശദീകരിക്കവെ കേന്ദ്രമന്ത്രി അശ്വിനി വൈഷ്ണവ് പറഞ്ഞു.

(ഹോൾഡ് വോയിസ് )

സ്കിൽ ഇന്ത്യ പദ്ധതിയുടെ തുടർച്ചയ്ക്കും പുനഃസംഘടനയ്ക്കും കേന്ദ്രമന്ത്രിസഭായോഗം അംഗീകാരം നൽകി. റെയിൽവേയുടെ കാര്യക്ഷമത വർധിപ്പിക്കുന്നതിനായി സൗത്ത് കോസ്റ്റ് റെയിൽവേ സോണിനും മന്ത്രിസഭ അംഗീകാരം നൽകി.

&&&&&&&&&&&&&&&

## PARIKSHA PE CHARCHA

പരീക്ഷ പേ ചർച്ച പരിപാടിയുടെ 8-ാം പതിപ്പ് തിങ്കളാഴ്ച. പരീക്ഷാ സമ്മർദ്ദത്തെ അതിജീവിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ പ്രധാനമന്ത്രി നരേന്ദ്ര മോദി വിദ്യാർത്ഥികളുമായി പങ്കുവയ്ക്കുന്ന പരിപാടി ന്യൂഡൽഹിയിലെ ഭാരത് മണ്ഡപത്തിലാണ് നടക്കുന്നത്. പുതുക്കിയ ഘടനയിൽ, എട്ട് ഭാഗങ്ങളായാണ് പരിപാടി സംഘടിപ്പിക്കുന്നത്. വിദ്യാർത്ഥികൾക്ക് പുറമെ അധ്യാപകരും മാതാപിതാക്കളും പരിപാടിയിൽ പങ്കെടുക്കും. ഇതുവരെ 3.30 കോടിയിലധികം വിദ്യാർത്ഥികളാണ് രജിസ്റ്റർ ചെയ്തിരിക്കുന്നത്.

&&&&&&&&&&&&&&&

## SC RABIES

പേവിഷ ബാധിതർക്ക് ദയാവധം അനുവദിക്കണമെന്ന് ആവശ്യപ്പെട്ടുള്ള പൊതുതാൽപര്യ ഹർജി സുപ്രീം കോടതി തിങ്കളാഴ്ച പരിഗണിക്കും. എൻ ജി ഒ സമർപ്പിച്ച ഹർജി, ജസ്റ്റിസുമാരായ ബി ആർ ഗവായ്, കെ വിനോദ് ചന്ദ്രൻ എന്നിവരടങ്ങിയ ബെഞ്ചാണ് പരിഗണിക്കുന്നത്. പേവിഷബാധിധർക്ക് സ്വമേധയോ അല്ലെങ്കിൽ രക്ഷിതാക്കൾക്കോ ദയാവധത്തിനായി ഡോക്ടറെ തെരഞ്ഞെടുക്കാനുള്ള നടപടിക്രമം ഏർപപ്പെടുത്തണമെന്നും ഹർജിയിൽ ആവശ്യപ്പെട്ടിട്ടുണ്ട്.

**&&&&&&&&&&&&&&&**

## PM WAVES

വിനോദം, സർഗ്ഗാത്മകത, സംസ്കാരം എന്നിവയെ ഒന്നിപ്പിക്കുന്ന വേവ്സ് ആഗോള ഉച്ചകോടിയുടെ ഉപദേശക സമിതി യോഗം പ്രധാനമന്ത്രി നരേന്ദ്രമോദിയുടെ നേതൃത്വത്തിൽ ന്യൂഡൽഹിയിൽ ചേർന്നു. പ്രമുഖ ചലച്ചിത്ര നടൻമാർ, വ്യവസായ പ്രമുഖർ, IT വിദഗ്ദ്ധർ മറ്റുമേഖലകളിലെ പ്രൊഫഷണലുകൾ ഉൾപ്പെടെയുള്ളവരുമായി പ്രധാനമന്ത്രി ഓൺലൈനായി സംവദിച്ചു.

**&&&&&&&&&&&&&&&**

## CIVIL AVIATION

രാജ്യത്തെ വിമാന നിർമാണ മേഖലയുടെ പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നത്

സംബന്ധിച്ച ഉന്നതതല യോഗം വ്യോമയാന മന്ത്രി രാം മോഹൻ നായിഡുവിൻറെ അധ്യക്ഷതയിൽ ചേർന്നു. സിവിൽ ഏവിയേഷൻ സെക്രട്ടറി ഉൾപ്പെടെയുള്ള മുതിർന്ന

ഉദ്യോഗസ്ഥരും വ്യവസായ - ഗവേഷണ സ്ഥാപനങ്ങൾ, വിവിധ സർക്കാർ വകുപ്പുകൾ എന്നിവയുടെ പ്രതിനിധികളും പങ്കെടുത്തു. ആഗോള വ്യോമയാന രംഗത്ത് മുന്നിലെത്തുന്നതിന് സമഗ്രമായ സാഹചര്യം സൃഷ്ടിക്കുകയാണ് ലക്ഷ്യമെന്ന് മന്ത്രി പറഞ്ഞു.

&&&&&&&&&&&&&&&

## CM- SCIENCE CONGRESS

37-ാമത് കേരള ശാസ്ത്ര കോൺഗ്രസിന് തൃശൂരിൽ തുടക്കമായി. മുഖ്യമന്ത്രി പിണറായി വിജയൻ ഉദ്ഘാടനം നിർവഹിച്ചു. യുവശാസ്ത്ര ഗവേഷകർക്കുള്ള പുരസ്കാരങ്ങൾ മുഖ്യമന്ത്രി സമ്മാനിച്ചു. ശാസ്ത്ര കോൺഗ്രസിൽ അവതരിപ്പിക്കുന്ന പ്രബന്ധങ്ങളുടെയും ഗവേഷണ പോസ്റ്ററുകളുടെയും സമാഹാരം ചടങ്ങിൽ മന്ത്രി കെ. രാജൻ പ്രകാശനം ചെയ്തു.

&&&&&&&&&&&&&&&

## WAYANAD

വയനാട് ചൂരൽമല, മുണ്ടക്കൈ ദുരന്തത്തിൽ പെട്ട് പുനരധിവസിപ്പിക്കേണ്ടവരുടെ ആദ്യഘട്ട പട്ടികയ്ക്ക് അംഗീകാരം. സംസ്ഥാന ദുരന്തനിവാരണ അതോറിറ്റിയാണ് പട്ടിക അംഗീകരിച്ചത്. 242 പേരാണ് പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ളത്. ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ വയനാട് കളക്ട്രേറ്റിൽ ഇന്നലെയാണ് യോഗം ചേർന്നത്.

&&&&&&&&&&&&&&&

## LAKSHADWEEP -KSDMA INTRO

ലക്ഷദ്വീപിൻ്റെ പടിഞ്ഞാറ് വശത്ത് മൂന്ന് ചെറു ഭൂമി കുലുക്കങ്ങൾ അനുഭവപ്പെട്ടു. ഇതേതുടർന്ന് കേരളത്തിൽ മുന്നറിയിപ്പൊന്നും നൽകിയിട്ടില്ലെന്ന് സംസ്ഥാന ദുരന്ത നിവാരണ അതോറിറ്റി മെമ്പർസെക്രട്ടറി ശേഖർ കുര്യാക്കോസ് അറിയിച്ചു. സുനാമി മുന്നറിയിപ്പ് നൽകി എന്ന തരത്തിൽ ചില ഓൺലൈൻ മാധ്യമങ്ങൾ പ്രചരിപ്പിച്ച വാർത്ത വസ്തുതാവിരുദ്ധമാണെന്നും അദ്ദേഹം പറഞ്ഞു.

(ഹോൾഡ് വോയിസ്)

&&&&&&&&&&&&&&&

## NATIONAL GAMES

38-ാമത് ദേശീയ ഗെയിംസിൽ അത്ലറ്റിക്സ് മത്സരങ്ങൾക്ക് തുടക്കം. കഴിഞ്ഞ മൂന്ന് ദേശീയ ഗെയിംസിലും ട്രിപ്പിൾ ജംപിൽ സ്വർണം നേടിയ കേരളത്തിൻറെ എൻ.വി ഷീന, പോൾ വോൾട്ട് താരം മരിയ ജെയിസൻ, ഹൈ ജംപ് താരം ഏയ്ഞ്ചൽ ദേവസ്യ എന്നിവർ മത്സരിക്കുന്നുണ്ട്. കേരള താരങ്ങളായ അനുരാഗ്, അലക്സ് പി തങ്കച്ചൻ, കെ സ്നേഹ, പി.എസ് മനു എന്നിവർ ഇന്ന് മത്സരിക്കാനിറങ്ങും. 10 സ്വർണം ഉൾപ്പെടെ 26 മെഡലുമായി കേരളം എട്ടാം സ്ഥാനത്താണ്. സർവീസസ് ഒന്നാം സ്ഥാനത്തും കർണാടക രണ്ടാമതുമാണ്.

&&&&&&&&&&&&&&&

## ISL

ഐ എസ് എല്ലിൽ ഇന്ന് രണ്ടു മത്സരങ്ങൾ. വൈകുന്നേരം അഞ്ചിന് ഹൈദരാബാദിൽ നടക്കുന്ന മത്സരത്തിൽ ഹൈദരാബാദ് എഫ്സി -മുഹമ്മദൻ

എഫ്സിയെ നേരിടും. രണ്ടാമത്തെ മത്സരത്തിൽ ഈസ്റ്റ് ബംഗാൾ -ചെന്നൈയിൻ എഫ്സിയെ നേരിടും.

&&&&&&&&&&&&&&&

## GOLD RATE

സ്വർണ്ണവിലയിൽ വർധന. പവന് 120 രൂപ വർധിച്ച് 63,560 രൂപയിലെത്തി. ഗ്രാമിന് 7,945 രൂപയാണ് ഇന്നത്തെ വില.

&&&&&&&&&&&&&&&

## KERALA WEATHER

കേരളത്തിൽ ഇന്ന് സാധാരണയെക്കാൾ രണ്ട് ഡിഗ്രി മുതൽ മൂന്ന് ഡിഗ്രി സെൽഷ്യസ് വരെ താപനില ഉയരാൻ സാധ്യതയുണ്ടെന്ന് കേന്ദ്ര കാലാവസ്ഥാ വകുപ്പ്. ചൂട് കൂടാൻ സാധ്യതയുള്ളതിനാൽ ജനങ്ങൾ ജാഗ്രത പാലിക്കണമെന്നും മുന്നറിയിപ്പ്.

&&&&&&&&&&&&&&&

## AERO INDIA

ഏഷ്യയിലെ ഏറ്റവും വലിയ എയ്റോ ഷോയായ എയ്റോ ഇന്ത്യയുടെ പതിനഞ്ചാമത് പതിപ്പിന് തിങ്കളാഴ്ച തുടക്കമാകും. ബംഗളൂരുവിലെ യെലഹങ്കയിലെ വ്യോമത്താവളത്തിൽ ഈ മാസം 14 വരെയാണ് പ്രദർശനം. The Runway to A Billain oppertunities എന്ന പ്രമേയത്തെ അടിസ്ഥാനമാക്കിയാണ് ഈ വർഷത്തെ എയ്റോ ഷോ.

&&&&&&&&&&&&&&&

## WHO- CONGO

ഡെമോക്രാറ്റിക് റിപ്പബ്ലിക്ക് ഓഫ് കോങ്കോയുടെ കിഴക്കൻ മേഖലയിൽ വർധിച്ചു വരുന്ന സംഘർഷത്തെ തുടർന്ന് കോളറ, മലേറിയ, മങ്കിപോക്സ് പോലുള്ള അസുഖങ്ങൾ പടരാൻ സാധ്യതയുള്ളതായി ലോകാരോഗ്യ സംഘടന മുന്നറിയിപ്പ് നൽകി. മങ്കിപോക്സ് വൈറസ് പ്രതിരോധ വാക്സിൻ വിതരണത്തെയും സംഘർഷാവസ്ഥ ബാധിച്ചിട്ടുണ്ട്. WHO -യുടെ കണക്കനുസരിച്ച് സംഘർഷത്തിൽ ഏകദേശം 843 പേർ കൊല്ലപ്പെടുകയും 3,082 പേർക്ക് പരിക്കേൽക്കുകയും ചെയ്തിട്ടുണ്ട്.

&&&&&&&&&&&&&&&

## BANGLADESHI-IMMIGRANTS ARRESTED

സാധുവായ രേഖകളില്ലാതെ രാജ്യത്ത് തങ്ങിയതിന് നാല് സ്ത്രീകൾ ഉൾപ്പെടെ ഏഴ് ബംഗ്ലാദേശി പൗരന്മാരെ മുംബൈയിൽ അറസ്റ്റ് ചെയ്തു. ബംഗ്ലാദേശിൽ നിന്നുള്ളവരാണെന്നും 2020 മാർച്ച് മുതൽ ഇന്ത്യയിൽ താമസിക്കുന്നതായും പ്രതികൾ സമ്മതിച്ചെന്ന് പോലീസ് അറിയിച്ചു.

&&&&&&&&&&&&&&&

## MORN. SRI LANKA-BIMSTEC

രണ്ടു ദിവസം നീണ്ടു നിൽക്കുന്ന BIMSTEC ഡിജിറ്റൽ കോൺക്ലേവിന് കൊളോമ്പോയിൽ തുടക്കമായി. അഭിവൃദ്ധിക്കായി ഡിജിറ്റൽ പൊതു അടിസ്ഥാന സൗകര്യങ്ങളുടെ നിർമ്മാണം എന്നതാണ് ഈ വർഷത്തെ പ്രമേയം. ശ്രീലങ്കയിലേക്കുള്ള ഇന്ത്യൻ ഹൈക്കമ്മീഷണർ, BIMSTEC സെക്രട്ടറി ജനറൽ, ശ്രീലങ്കൻ ഡെപ്യൂട്ടി മന്ത്രിമാർ ഉൾപ്പടെയുള്ള പ്രമുഖർ ഉത്ഘാടന ചടങ്ങിൽ പങ്കെടുത്തു. ഡിജിറ്റൽ അടിസ്ഥാന സൗകര്യങ്ങൾ

ശക്തിപ്പെടുത്തുന്നതിൽ ഇന്ത്യയുടെ സംഭാവനകളെ ഇന്ത്യൻ ഹൈകമ്മീഷണർ സന്തോഷ് ഝ എടുത്തു പറഞ്ഞു.

&&&&&&&&&&&&&&&

&&&&&&&&&&&

&&&